# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1752

06/07/2015 ൽ മറുപടിക്ക്

**പുതിയതായി നിലവിൽ വന്ന എൽ.ഡി.സി. റാങ്ക് ലിസ്റ്റിലെ നിയമനം**

**ചോദ്യം :**

**ശ്രീ. പി. കെ. ഗുരുദാസൻ**

(എ) പുതിയതായി നിലവിൽ വന്ന എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും എന്നു മുതൽ നിയമനം നടത്തുമെന്നു വ്യക്തമാക്കാമോ ;

(സി) പുതിയ എൽ.ഡി.സി. റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വന്നതിനു ശേഷം പഴയ എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പുതിയ റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വന്നാൽ പഴയ ലിസ്റ്റ് നിലനില്ക്കില്ല എന്ന പി.എസ്.സി യുടെ വ്യവസ്ഥ പ്രസ്തുത ലിസ്റ്റിൽ ലംഘിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

**ഉത്തരം :**

**ശ്രീ. ഉമ്മൻചാണ്ടി**
**മുഖ്യമന്ത്രി**

(എ), (ബി), (സി), (ഡി) എൽ. ഡി. ക്ലാർക്ക് തസ്തികയുടെ പഴയ റാങ്ക് ലിസ്റ്റ് 30.03.15 ൽ റദ്ദാക്കുകയും 31.03.2015 ൽ മേൽ തസ്തികയിലേക്ക് പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരികയും ചെയ്തു. 30.03.15 ൽ റദ്ദായ റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ ടി ലിസ്റ്റിൽ നിന്നു തന്നെ നികത്തുന്നതാണ് എന്ന വിജ്ഞാപന വ്യവസ്ഥ പ്രകാരം നിയമന ശിപാർശ നൽകി വരികയാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് 31.03.15 മുതൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ ടി തീയതിയിൽ നിലവിൽ വന്ന പുതിയ ലിസ്റ്റിൽ നിന്നും നിയമന ശിപാർശ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**